(സി) പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംസ്ഥാന, ജില്ലാ ശുചിത്വ മിഷൻ സഹകരിക്കുന്നു.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുന്നു. ആയതിന് ശുചിത്വമിഷൻ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സർക്കാർ വിഹിതവും ശുചിത്വമിഷൻവഴി നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ അക്രഡിറ്റഡ് ഏജൻസി വഴിയോ അംഗീകൃത സേവന ദാതാക്കൾ വഴിയോ ക്രമപ്രകാരം നിർവ്വഹണം നടത്തുന്നു.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

281 (1654) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ ;

(ബി) തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻവഴി ലഭിച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ശുചീകരണ പ്രവർത്തനത്തിന് ഫണ്ട് ചെലവഴിക്കാത്ത തദ്ദേശ സ്ഥാപനങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ 51 മുനിസിപ്പാലിറ്റികൾക്കായി 1,74,25,627 രൂപയും, 5 കോർപ്പറേഷനുകൾക്കായി 71,78,960 രൂപയും, 785 ഗ്രാമപഞ്ചായത്തുകൾക്കായി 11,50,81,052 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) 2014-15-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ വഴി ലഭിച്ച തുക

കോർപ്പറേഷൻ/മുൻസിപ്പാലിറ്റി - രൂ. 2,46,04,587

ഗ്രാമപഞ്ചായത്ത് - രൂ. 11,50,81,052

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ച തുക (ലഭ്യമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം)

കോർപ്പറേഷൻ/മുൻസിപ്പാലിറ്റി - രൂ. 1,36,36,332

ഗ്രാമപഞ്ചായത്ത് - രൂ. 6,12,27,466

(സി) ഉണ്ട്.

പഞ്ചായത്തുകളിലെ പ്ലാൻ എക്സ്പെൻഡിച്ചർ

282 (1655) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15 വർഷത്തെ പഞ്ചായത്തുകളിലെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്ന് ശതമാനം ഉൾപ്പെടെ വിശദീകരിക്കാമോ ;

(ബി) പ്ലാൻ എക്സ്പെൻഡിച്ചറിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇക്കൊല്ലം കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച പരിഹാരമാർഗ്ഗങ്ങൾ വിവരിക്കാമോ ?

ഉത്തരം

(എ) 31-3-2015 വരെയുള്ള താൽക്കാലിക കണക്ക് ചുവടെ ചേർക്കുന്നു :

ഗ്രാമ പഞ്ചായത്ത് - 2095.47 കോടി രൂപ (81%)

ബ്ലോക്ക് പഞ്ചായത്ത് - 5 66.63 കോടി രൂപ (91%)

ജില്ലാ പഞ്ചായത്ത് - 525.59 കോടി രൂപ (84%)

(ബി) 2013-14-നെ അപേക്ഷിച്ച് പ്ലാൻ എക്സ്പെൻഡിച്ചറിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ചെലവഴിക്കാൻ കഴിയാത്ത തുക അടുത്ത വർഷത്തെ നീക്കിയിരിപ്പ് ആയി കണക്കാക്കുന്നതിനാൽ ലാപ്സാകുന്നില്ല.

ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി

283 (1656) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly